2026
MARCH
21
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ഇവിഎം – വിവിപാറ്റ് മെഷീനുകളുടെ ഒന്നാംഘട്ട റാൻഡമൈസേഷൻ പൂർത്തിയായി

**കൊച്ചി:** തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ജില്ലയിലെ നിയമസഭാ മണ്ഡലങ്ങളിലേക്ക് വോട്ടിംഗ് യന്ത്രങ്ങൾ അനുവദിക്കുന്നതിനുള്ള ഒന്നാംഘട്ട റാൻഡമൈസേഷൻ പ്രക്രിയ പൂർത്തിയായി. ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന റാൻഡമൈസേഷന് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസറും ജില്ലാ കളക്ടറുമായ ജി.പ്രിയങ്ക നേതൃത്വം നൽകി.

ആദ്യഘട്ട പരിശോധനകൾ (എഫ്.എൽ.സി ) വിജയകരമായി പൂർത്തിയാക്കിയ ബാലറ്റ് യൂണിറ്റുകൾ, കൺട്രോൾ യൂണിറ്റുകൾ(സി.യു), വിവിപാറ്റുകൾ എന്നിവയാണ് റാൻഡമൈസേഷനിലൂടെ മണ്ഡലമടിസ്ഥാനത്തിൽ തരംതിരിച്ചത്.

തിരഞ്ഞെടുപ്പ് കമ്മീഷന്റെ 'ഇവിഎം മാനേജ്മെന്റ് സിസ്റ്റം' എന്ന സോഫ്റ്റ്‌വെയർ മുഖേന തികച്ചും സുതാര്യമായ രീതിയിലാണ് മെഷീനുകൾ നിശ്ചയിച്ചത്. അംഗീകൃത ദേശീയ-സംസ്ഥാന രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുടെ സാന്നിധ്യത്തിലായിരുന്നു നടപടികൾ. റാൻഡമൈസേഷൻ പൂർത്തിയായതോടെ ഓരോ മണ്ഡലത്തിലേക്കും അനുവദിച്ച മെഷീനുകളുടെ കൃത്യമായ പട്ടിക രാഷ്ട്രീയ പാർട്ടി പ്രതിനിധികൾക്ക് കൈമാറുകയും ചെയ്തു. ഇത്തരത്തിൽ അനുവദിക്കപ്പെട്ട യന്ത്രങ്ങൾ അതത് മണ്ഡലങ്ങളിലെ റിട്ടേണിംഗ് ഓഫീസർമാർ ഏറ്റുവാങ്ങും. തുടർന്ന് രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ സാന്നിധ്യത്തിൽ തന്നെ ഇവ നിയമസഭാ മണ്ഡലങ്ങളിലെ സ്ട്രോങ്ങ് റൂമുകളിലേക്ക് മാറ്റി അതീവ സുരക്ഷയിൽ സൂക്ഷിക്കും. സ്ഥാനാർത്ഥി പട്ടിക അന്തിമമാകുന്ന മുറക്ക് ഈ വിവരങ്ങൾ മത്സരിക്കുന്ന സ്ഥാനാർത്ഥികൾക്കും ലഭ്യമാക്കുമെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

റാൻഡമൈസേഷൻ പ്രക്രിയയിൽ പങ്കെടുത്ത രാഷ്ട്രീയ പാർട്ടി പ്രതിനിധികൾക്കായി ജില്ലാ ശുചിത്വ മിഷന്റെ നേതൃത്വത്തിൽ ശുചിത്വ മിഷൻ കോ ഓർഡിനേറ്റർ ഡോ.ശീതൾ ജി മോഹൻ ഗ്രീൻ പ്രോട്ടോകോൾ അവബോധവും ലഘുലേഖാ വിതരണവും നടത്തി.

## നിയമസഭാ തിരഞ്ഞെടുപ്പ്: ഒരുക്കങ്ങൾ വിലയിരുത്തി നിരീക്ഷകരുടെ യോഗം ചേർന്നു

**കൊച്ചി:** നിയമസഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് എറണാകുളം ജില്ലയിലെ വിവിധ മണ്ഡലങ്ങളിലെ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിച്ച പൊതു, ചെലവ് നിരീക്ഷകരുടെ യോഗം ചേർന്നു. കാക്കനാട് സിവിൽ സ്റ്റേഷൻ കോൺഫറൻസ് ഹാളിൽ ജില്ലാ കളക്ടറും ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസറുമായ ജി. പ്രിയങ്കയുടെ നേതൃത്വത്തിലാണ് യോഗം സംഘടിപ്പിച്ചത്. റിട്ടേണിങ് ഓഫീസർമാരും നോഡൽ ഓഫീസർമാരും യോഗത്തിൽ പങ്കെടുത്തു.

തിരഞ്ഞെടുപ്പ് പ്രക്രിയ പൂർണ്ണമായും സുതാര്യവും സുഗമവുമായി നടത്തുന്നതിനായി ജില്ലയിൽ സജ്ജമാക്കിയിട്ടുള്ള വിപുലമായ ക്രമീകരണങ്ങളെക്കുറിച്ച് ജില്ലാ കളക്ടർ ഉദ്യോഗസ്ഥർക്ക് വിശദീകരിച്ചു നൽകി. ജില്ലയിലെ വിവിധ വകുപ്പുകളുടെ ഏകോപനവും സുരക്ഷാ സജ്ജീകരണങ്ങളും യോഗത്തിൽ പ്രധാന ചർച്ചാവിഷയമായി.

തിരഞ്ഞെടുപ്പ് ചട്ടലംഘനങ്ങൾ തടയുന്നതിനും നിരീക്ഷണത്തിനുമായി ജില്ലയിലുടനീളം ശക്തമായ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് ജില്ലാ കളക്ടർ അറിയിച്ചു. അടിയന്തര പരിശോധനകൾക്കായി ഫ്ളെയിങ് സ്‌ക്വാഡുകളെയും, നിശ്ചിത കേന്ദ്രങ്ങളിൽ വാഹന പരിശോധനയും, പണമിടപാടുകൾ നിരീക്ഷിക്കാൻ സ്റ്റാറ്റിക് സർവെയലൻസ് ടീമുകളെയും നിയോഗിച്ചിട്ടുണ്ട്. തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികളുടെ ചെലവുകൾ വീഡിയോ സഹിതം രേഖപ്പെടുത്താൻ വീഡിയോ സർവെയലൻസ് ടീമും സജീവമാണ്. കൂടാതെ, പൊതുസ്ഥലങ്ങളിലെ പോസ്റ്ററുകൾ, ബാനറുകൾ എന്നിവ നീക്കം ചെയ്യുന്നതിനും ചട്ടലംഘനങ്ങൾ തടയുന്നതിനുമായി ആന്റി ഡിഫേസ്മെന്റ് ടീമിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. സാമൂഹിക മാധ്യമങ്ങൾ വഴിയുള്ള പരസ്യങ്ങൾ കൃത്യമായി നിരീക്ഷിക്കുമെന്നും അവയുടെ ചെലവ്, ബന്ധപ്പെട്ട പാർട്ടിയുടെയോ സ്ഥാനാർത്ഥിയുടെയോ കണക്കിൽ ഉൾപ്പെടുത്തുമെന്നും ജില്ലാ കളക്ടർ വ്യക്തമാക്കി.

തിരഞ്ഞെടുപ്പ് ചെലവുകളുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും സുതാര്യത ഉറപ്പാക്കുന്നതിനും വിവിധ വകുപ്പ് ഉദ്യോഗസ്ഥർക്ക് കമ്മീഷൻ നിരീക്ഷകർ നിർദ്ദേശം നൽകി.

## കൊച്ചി തീയേറ്റർ ഫെസ്റ്റിവൽ ഇന്ന്

**കൊച്ചി:** ചാവറ കൾച്ചറൽ സെന്ററിന്റെ സഹകരണത്തോടെ കൊച്ചി തീയേറ്റർ ഫെസ്റ്റിവൽ ഇന്ന് മുതൽ 25 വരെ നടക്കും. പി.ജെ ആന്റണി ജന്മശതാബ്ദിയുടെ ഭാഗമായി പി.ജെ ആന്റണി എഡിഷൻ നാടകോത്സവം ചാവറ കൾച്ചറൽ സെന്ററിൽ സംഘടിപ്പിക്കും. ദിവസവും രണ്ടിന് ഓൺ-സ്ക്രീൻ പ്രദർശനവും വൈകിട്ട് 6.30ന് വിവിധ നാടകങ്ങളും അരങ്ങേറും. 'തമാശ', 'കൂ-ഹൂ', 'കിഴവനും കടലും', 'പൊറാട്ട്', 'ചാപ്പ' എന്നീ നാടകങ്ങളാണ് അവതരിപ്പിക്കുന്നത്. മാർച്ച് 22 മുതൽ 25 വരെ നടക്കുന്ന സംവാദങ്ങളിൽ ഡോ. നീലം മാൻസിങ് ചൗധരി, ഡോ. അഭിലാഷ് പിള്ള, അരുൺലാൽ, നന്ദൻ, ശശിധരൻ നടുവിൽ, മദൻബാബു, നിഖിൽദാസ്, ശിവകുമാർ, കെ. ഗിരീഷ് എന്നിവർ പങ്കെടുക്കും. പ്രവേശനം സൗജന്യം.

## തുടർച്ചയായി അൾട്രാവയലറ്റ് രശ്മികൾ ശരീരത്തിൽ ഏൽക്കുന്നത് ആരോഗ്യപ്രശ്നം സൃഷ്ടിച്ചേക്കാം

**കൊച്ചി:** തുടർച്ചയായി കൂടുതൽ സമയം അൾട്രാവയലറ്റ് രശ്മികൾ ശരീരത്തിൽ ഏൽക്കുന്നത് സൂര്യാതപത്തിനും ത്വക്ക് രോഗങ്ങൾക്കും നേത്രരോഗങ്ങൾക്കും മറ്റ് ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമായേക്കാമെന്ന് സംസ്ഥാന ദുരന്ത നിരവാരണ അതോരിറ്റി. പൊതുജനങ്ങൾ സുരക്ഷാമുൻകരുതലുകൾ സ്വീകരിക്കണം. പകൽ 10 മണി മുതൽ 3 മണി വരെയുള്ള സമയങ്ങളിലാണ് ഉയർന്ന അൾട്രാവയലറ്റ് സൂചിക രേഖപ്പെടുത്തപ്പെടുന്നത്. അതിനാൽ ആ സമയങ്ങളിൽ കൂടുതൽ നേരം ശരീരത്തിൽ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് പരമാവധി ഒഴിവാക്കുക.



പുറം ജോലികളിൽ ഏർപ്പെടുന്നവർ, കടലിലും ഉൾനാടൻ മൽസ്യബന്ധനത്തിലും ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികൾ, ജലഗതാഗതത്തിലേർപ്പെടുന്നവർ, ബൈക്ക് യാത്രക്കാർ, വിനോദസഞ്ചാരികൾ, ചർമരോഗങ്ങളുള്ളവർ, നേത്രരോഗങ്ങളുള്ളവർ, ക്യാൻസർ രോഗികൾ, മറ്റ് രോഗപ്രതിരോധശേഷി കുറഞ്ഞ വിഭാഗങ്ങൾ തുടങ്ങിയവർ പ്രത്യേകം ജാഗ്രത പാലിക്കണം. പകൽ സമയത്ത് പുറത്തേക്ക് ഇറങ്ങുമ്പോൾ തൊപ്പി, കുട, സൺഗ്ലാസ് എന്നിവ ഉപയോഗിക്കാൻ ശ്രമിക്കുക. ശരീരം മുഴുവൻ മറയുന്ന കോട്ടൺ വസ്ത്രങ്ങൾ ഉപയോഗിക്കുന്നതായിരിക്കും ഉചിതം. യാത്രകളിലും മറ്റും ഇടവേളകളിൽ തണലിൽ വിശ്രമിക്കാൻ ശ്രമിക്കുക. മലമ്പ്രദേശങ്ങൾ , ഉഷ്ണമേഖല പ്രദേശങ്ങൾ എന്നിവിടങ്ങളിൽ പൊതുവെ അൾട്രവയലറ്റ് രശ്മിയുടെ സൂചിക ഉയർന്നതായിരിക്കും. മേഘങ്ങളില്ലാത്ത തെളിഞ്ഞ ആകാശമാണെങ്കിലും ഉയർന്ന അൾട്രാ വയലറ്റ് സൂചിക യുണ്ടാവാം. ഇതിന് പുറമെ ജലാശയം, മണൽ തുടങ്ങിയ പ്രതലങ്ങൾ അൾട്രാവയലറ്റ് രശ്മികളെ പ്രതിഫലിപ്പിക്കുന്നതിനാൽ ഇത്തരം മേഖലകളിലും അൾട്രാവയലറ്റ് സൂചിക ഉയർന്നതായിരിക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഇന്നത്തെ പരിപാടി

## കൊച്ചി

- **എറണാകുളം കച്ചേരിപ്പടി ഇഎസ്എസ്എസ് ഓഡിറ്റോറിയം:** കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡും കേരള ടെയ്‌ലറിങ് വർക്കേഴ്സ് ഫോറവും ചേർന്ന് സംഘടിപ്പിക്കുന്ന ജില്ലാ തയ്യൽ തൊഴിലാളി ക്ഷേമനിധി അദാലത്ത് രാവിലെ 10 മണി മുതൽ.
- **മഹാകവി ജി ഓഡിറ്റോറിയം :** ഓഥേഴ്സ് ഗിൽഡ് ഓഫ് ഇന്ത്യയും സമസ്ത കേരള സാഹിത്യ പരിഷത്തും ചേർന്ന് സംഘടിപ്പിക്കുന്ന അഖിലേന്ത്യ സാഹിത്യസംഗമം രാവിലെ 11 ഹൈബി ഈഡൻ എംപി ഉദ്ഘാടനം ചെയ്യും.
- **എറണാകുളം ചാവറ കൾച്ചറൽ സെന്റർ :** പി.ജെ ആന്റണിയുടെ ജന്മശതാബ്ദിയോട് അനുബന്ധിച്ച് സംഘടിപ്പിക്കുന്ന കൊച്ചി തിയറ്റർ ഫെസ്റ്റിവൽ 2026 നാടക പ്രവർത്തക ഡോ. നീലം മാൻസിങ് ചൗധരി ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്യും. വൈകിട്ട് 6.30ന് നാടകാവതരണം, ഉച്ചയ്ക്ക് 2ന് സിനികളുടെ പ്രദർശനം.
- **എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷൻ :** പോൾസൺ പാർക്ക് ഹോട്ടൽ : സീനിയർ ജേണലിസ്റ്റ്സ് ഫോറം ജില്ലാ സമ്മേളനം.
- **പാട്ടുപുരക്കാവ് ഭഗവതി ക്ഷേത്രം:** ഉത്സവം രാത്രി 7 മണി മുതൽ.

## കാലടി

- **മലയാറ്റൂർ പന്തയ്ക്കൽ വിഷ്ണു ഭഗവതി ക്ഷേത്രം :** മീനഭരണി മഹോത്സവം രാവിലെ 5ന്.

## കോതമംഗലം

- **തൃക്കാരിയൂർ മഹാദേവ ക്ഷേത്രം :** ഉത്സവം പുലർച്ചെ 5 മുതൽ.
- **തിരുവാരപ്പെട്ടി മഹാദേവ ക്ഷേത്രം :** ഉത്സവം പുലർച്ചെ 5 മുതൽ.
- **കോതമംഗലം ദേവഗിരി ശ്രീനാരായണ ഗുരുദേവ ക്ഷേത്രം :** പ്രതിഷ്ഠാ ഉത്സവം രാവിലെ 6 മുതൽ.
- **മാരമംഗലം ഏണിയേക്കാവ് ക്ഷേത്രം :** മീന കാർത്തിക രോഹിണി ഉത്സവം രാവിലെ 6 മുതൽ.

# കൃഷിക്കൊപ്പം കളമശ്ശേരിയുടെ കൊയ്ത്തുത്സവം കൂടി പി. രാജീവ്

**കൊച്ചി :**കുന്നുകര അടുവാശ്ശേരി സൗത്തിൽ കൃഷിക്കൊപ്പം കളമശ്ശേരിയുടെ ഭാഗമായ കൊയ്ത്തുത്സവം ഉദ്ഘാടനം ചെയ്ത് എൽ.ഡി.എഫ് സ്ഥാനാർത്ഥി പി. രാജീവ്. അടുവാശ്ശേരി പാടശേഖരത്തിൽപ്പെട്ട വാസുദേവപുരം പാടശേഖരത്തിൽ നിന്ന് ആദ്യ കതിര് കൊയ്തുകൊാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. അടുവാശ്ശേരിയിലെ പതിനഞ്ച് ഏക്കർ ഉൾപ്പെടെ നൂറ് ഏക്കറിലാണ് കൃഷിക്കൊപ്പം കളമശ്ശേരി നടപ്പാക്കുന്നത്. നൂറ്റിനാല് ടണ്ണാണ് കഴിഞ്ഞ വർഷം കൊയ്തെടുത്തത്. അടുത്ത വർഷം അത് നൂറ്റിനാൽപ്പത് ടൺ ആകുമെന്നാണ് പ്രതീക്ഷിക്കുന്നത്.



കൃഷിക്കൊപ്പം കളമശ്ശേരി എന്നത് എങ്ങനെ നാടിനെ മാറ്റിത്തീർക്കുന്നു എന്നതിന്റെ ഉദാഹരണം കൂടിയാണ് ഇതെന്ന് പി. രാജീവ് പറഞ്ഞു. ഡി.പി.ആർ പദ്ധതി കൂടി നടപ്പിലാക്കാൻ കഴിഞ്ഞാൽ വലിയ മാറ്റം തന്നെ എല്ലാ മേഖലയിലും കൊവുരാൻ കഴിയും. എല്ലാവരും ഒരുമിച്ച് നിന്നതിന്റെ ഫലമാണ് ഇത്. അതിനൊരു തുടർച്ച ആവശ്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. റോഡ് സൈഡിനെ അപേക്ഷിച്ച് കൃഷി ഇവിടെ റിസ്ക് പിടിച്ചതാണ്. തുലാവർഷം നോക്കി വെള്ളം കയറുമോ ഇല്ലയോ എന്ന് നോക്കി വേണം കൃഷി ചെയ്യാൻ. ആ റിസ്ക് മറികടക്കാൻ ഞങ്ങളെ സഹായിച്ച പഞ്ചായത്തിനും എം.എൽ.എ പി രാജീവിനും നന്ദി പറയുന്നതായി പാടശേഖര സമിതിയുടെ പ്രതിനിധികളായ രഞ്ജിത്ത് പി.കെ, കെ നാരായണൻ എന്നിവർ അറിയിച്ചു.

കളമശ്ശേരി സെന്റ് ജോസഫ്സ് കോൺവെന്റിലും എൽ.ഡി.എഫ് സ്ഥാനാർത്ഥി പി രാധജീവ് സന്ദർശിച്ചു. മഠത്തിലെ സന്യാസിനിമാർ അദ്ദേഹത്തെ മധുരം നൽകി ആശിർവദിച്ചു. പിന്നീട് കുറ്റിപ്പുഴ സെന്റ് ഫ്രാൻസിസ് കോൺവെന്റ്, സെന്റ് സെബാസ്റ്റ്യാൻസ് പള്ളി, ക്രൈസ്റ്റ് രാജ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ സന്ദർശനം നടത്തി. പള്ളി വികാരി ഫാ. തോമസ് മഴുവഞ്ചേരി, മദർ ജിസ്മേരി, സിസ്റ്റർ. റോസൻ എന്നിവരുമായി സംസാരിച്ചു.

# അഡ്വ. സേവ്യർ ജൂലപ്പൻ കൊച്ചി നിയമസഭാ മണ്ഡലം എൻ.ഡി.എ സ്ഥാനാർത്ഥി

**കൊച്ചി :** കേരള ഹൈക്കോടതിയിലെ മുതിർന്ന അഭിഭാഷകനും, ബാർ അസ്സോസിയേഷൻ മുൻ സെക്രട്ടറിയുമായ അഡ്വ. സേവ്യർ ജൂലപ്പനെ കൊച്ചി നിയമസഭാ മണ്ഡലം സ്ഥാനാർത്ഥിയായി ട്വന്റി20 - എൻ.ഡി.എ പാർട്ടി പ്രസിഡന്റ് സാബു എം. ജേക്കബ് പ്രഖ്യാപിച്ചു.



*അഡ്വ. സേവ്യർ ജൂലപ്പൻ*

1989-ൽ അഭിഭാഷകനായി ഔദ്യോഗിക ജീവിതം തുടങ്ങിയ അഡ്വ.സേവ്യർ സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടെ സ്റ്റാൻഡിംഗ് കൗൺസിലായും, 2007 മുതൽ 2009 വരെ ഇംഗ്ലിൽ സോളിസിറ്ററായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ഗ്ലോബൽ മലയാളി ഫെഡറേഷൻ ജനറൽ സെക്രട്ടറി, ചെല്ലാനം അഗ്രി ആന്റ് ടൂറിസം ഡവലപ്മെന്റ് സൊസൈറ്റി പ്രസിഡന്റ്, ചെല്ലാനം ബസ് പാസഞ്ചേഴ്സ് അസ്സോസിയേഷൻ പ്രസിഡന്റ്, കൊച്ചിൻ രൂപതയിലെ വിവിധ സാമൂഹിക പ്രസ്ഥാനങ്ങളുടെ ചുമതലക്കാരൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള അഡ്വ. സേവ്യർ ജൂലപ്പൻ കൊച്ചി നിയമസഭാ മണ്ഡലത്തിലെ ജനങ്ങൾക്ക് സുപരിചിതനാണ്.

# ആ പതിവ് തെറ്റിയില്ല; ഉമ തോമസിന് കെട്ടിവയ്ക്കാനുള്ള തുക ലീലാവതി ടീച്ചർ കൈമാറി

**കൊച്ചി:** തൃക്കാക്കരയിൽ പി.ടി. തോമസ് സ്ഥാനാർത്ഥിയായി എത്തിയ കാലം മുതൽ തുടങ്ങിയ ആ പതിവ് ഇക്കുറിയും തെറ്റിയില്ല. നിയമസഭാ തിരഞ്ഞെടുപ്പിൽ തൃക്കാക്കര മണ്ഡലം യു.ഡി.എഫ് സ്ഥാനാർത്ഥിയായി മത്സരിക്കുന്ന ഉമ തോമസിന് കെട്ടിവെക്കാനുള്ള തുക പ്രശസ്ത സാഹിത്യകാരിയും അധ്യാപികയുമായ ഡോ. എം. ലീലാവതി ടീച്ചർ കൈമാറി. 2016 ൽ പി.ടി തോമസ് നിയമസഭയിലേക്ക് മത്സരിച്ചത് മുതൽ ലീലാവതി ടീച്ചറാണ് കെട്ടിവയ്ക്കാനുള്ള തുക നൽകിയിരുന്നത്. ആ കരുതലാണ് പി.ടിയുടെ പിൻഗാമിയായ ഉമയുടെ കാര്യത്തിലും തുടരുന്നത്. ഇന്ന് രാവിലെ ടീച്ചറുടെ വസതിയിലെത്തിയ സ്ഥാനാർത്ഥിയെ ഏറെ വാത്സല്യത്തോടെയാണ് ടീച്ചർ സ്വീകരിച്ചത്. രാഷ്ട്രീയത്തിനപ്പുറം പി.ടിയുടെ കുടുംബത്തോട് ഊഷ്മളമായ ബന്ധം പുലർത്തുന്ന ടീച്ചർ, ഉമയ്ക്ക് എല്ലാവിധ വിജയാശംസകളും നേർന്നു. തന്റെ പ്രിയപ്പെട്ട ശിഷ്യനും ജനനായകനുമായിരുന്ന പി.ടി. തോമസിനോടുള്ള സ്നേഹത്തിന്റെ തുടർച്ചയായാണ് ഈ പിന്തുണയെന്ന് ടീച്ചർ പറഞ്ഞു. തന്നെ സംബന്ധിച്ചിടത്തോളം ടീച്ചറുടെ ചേർത്ത് നിർത്തൽ ഒരു വലിയ തണലാണെന്നും പി.ടിക്ക് നൽകിയിരുന്ന അതേ സ്നേഹവും പിന്തുണയും ഇന്നും തനിക്ക് ലഭിക്കുന്നു എന്നത് കൂടുതൽ കരുത്തോടെ പ്രവർത്തിക്കാൻ ഊർജ്ജം നൽകുന്നു എന്നും ഉമ തോമസ് പ്രതികരിച്ചു.



# തീയതി നീട്ടി

**കൊച്ചി:** 2026 ഏപ്രിലിൽ നടത്തുന്ന മലയാളശ്രീ-ഓറിയന്റൽ സ്കൂളുകളിലെ കുട്ടികൾക്കുള്ള മലയാളം തുല്യതാ പരീക്ഷയ്ക്കായി ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി മാർച്ച് 26 വരെ നീട്ടിയതായി അറിയിച്ചു.

# പക്ഷിപ്പനി:

## പ്രഭവകേന്ദ്രത്തിന് 10 കിലോമീറ്റർ ചുറ്റളവിൽ മുട്ട, ഇറച്ചി ഉപയോഗവും വിപണനവും താൽക്കാലികമായി നിരോധിച്ചു

**ആലപ്പുഴ:** ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിൽ പക്ഷിപ്പനി സ്ഥിരീകരിച്ചതിനാൽ പ്രഭവകേന്ദ്രത്തിന് 10 കിലോമീറ്റർ ചുറ്റളവിലുള്ള സർവൈലൻസ് സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ താറാവ്, കോഴി, കാട, മറ്റു വളർത്തുപക്ഷികൾ ഇവയുടെ മുട്ട, ഇറച്ചി, കാഷ്ഠം (വളം), മറ്റ് ഉൽപ്പന്നങ്ങൾ എന്നിവയുടെ ഉപയോഗവും വിപണനവും നിരോധിച്ചതായി അധികൃതർ അറിയിച്ചു. മാർച്ച് 19 മുതൽ ഒരാഴ്ചത്തേക്ക് നിരോധിച്ചതെന്ന് ജില്ലാ കളക്ടർ ഉത്തരവായി. ചേർത്തല സൗത്ത്, മാരാരിക്കുളം സൗത്ത്, മാരാരിക്കുളം നോർത്ത്, ആര്യാട്, മണ്ണഞ്ചേരി, മുഹമ്മ, കഞ്ഞിക്കുഴി, ചേർത്തല മുനിസിപ്പാലിറ്റി, തണ്ണീർമുക്കം, കൈനകരി, എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലാണ് നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്. ഈ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിൽ താറാവ്, കോഴി, കാട, മറ്റ് വളർത്തുപക്ഷികൾ ഇവയുടെ മുട്ട, ഇറച്ചി, കാഷ്ഠം (വളം), മറ്റ് ഉൽപ്പന്നങ്ങൾ വിൽപ്പനയും കടത്തലും നടക്കുന്നില്ലായെന്ന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണെന്ന് കളക്ടർ അറിയിച്ചു. ആയതിലേയ്ക്ക് സ്ക്വാഡ് രൂപീകരിച്ച് കർശന പരിശോധനകൾ നടത്തേണ്ടതുമാണെന്ന് ഉത്തരവിൽ പറയുന്നു. പ്രഭവ കേന്ദ്രത്തിന് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള ഇൻഫെക്റ്റഡ് സോണിൽ കള്ളിംഗ് പൂർത്തിയായി മൂന്ന് മാസത്തേയ്ക്ക് പക്ഷികളെ വളർത്തുന്നതും നിരോധിച്ചിരിക്കുകയാണ്.



അമ്പലപ്പുഴ, കുട്ടനാട്, ചേർത്തല തഹസിൽദാർമാർ പ്രത്യേക പരിശോധനാ സ്ക്വാഡുകൾ രൂപീകരിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിൽ കർശന പരിശോധനയും മേൽനോട്ടവും നടത്തേണ്ടതാണ്. നിരോധനം ഏർപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങളിൽ ഈ പക്ഷികളുടെ മാംസം, മുട്ട എന്നിവ കൊള്ള ഭക്ഷ്യ വിഭവങ്ങൾ വിൽപ്പന നടത്തുന്നില്ലെന്ന് ഫുഡ് സേഫ്റ്റി ഓഫീസർ ഉറപ്പു വരുത്തേണ്ടതാണെന്നും ജില്ലാ കളക്ടർ അറിയിച്ചു.

# കുന്നത്തുനാട് ഇളക്കിമറിച്ച് ബാബു ദിവാകരന്റെ റോഡ് ഷോ

## ശ്രദ്ധേയമായി ജനപങ്കാളിത്തം

**കുന്നത്തുനാട്:** കുന്നത്തുനാട് ഇളക്കിമറിച്ച് കുന്നത്തുനാട് സ്ഥാനാർത്ഥി ബാബു ദിവാകരന്റെ റോഡ് ഷോ. മഴുവന്നൂർ പഞ്ചായത്ത് എൻ.ഡി.എ തിരഞ്ഞെടുപ്പ് കമ്മറ്റി ഓഫീസിന്റെ ഉദ്ഘാടനത്തോടെയായിരുന്നു സ്ഥാനാത്ഥി ബാബു ദിവാകരന്റെ ഇന്നലത്തെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് തുടക്കമായത്. കുന്നത്തുനാടിൽ നടന്ന വിവാഹ ചടങ്ങിൽ പങ്കെടുത്ത സ്ഥാനാർത്ഥി വധുവരന്മാർക്ക് മംഗളാശംസകൾ നേർന്നു.



തുടർന്ന് മഴുവന്നൂർ എൻ.എസ്.എസ് കരയോഗം പ്രസിഡന്റ് സ്രത്യൻ, ക്ഷേത്ര സംരക്ഷണ സമിതി നേതാവ് രഘു, മഴുവന്നൂർ എസ്.എൻ.ഡി.പി ശാഖ സെക്രട്ടറി രാജീവ് എന്നിവരുൾപ്പെടെയുള്ളവരെ വീട്ടിലെത്തി സന്ദർശിച്ച് വോട്ട് തേടി. ഇതിന് ശേഷം പൂത്രിക്കയിൽ നടന്ന ശവസംസ്കാര ചടങ്ങിൽ പങ്കെടുത്ത അദ്ദേഹം പരേതന്റെ കുടുംബത്തെ ആശ്വസിപ്പിക്കുകയും ദു:ഖത്തിൽ പങ്കുചേരുകയും ചെയ്തു.

തുടർന്ന് വൈകിട്ട് മൂന്ന് മണിയോടെ മംഗലത്തുനടയിൽ നിന്നാരംഭിച്ച സ്ഥാനാർഥിയുടെ റോഡ് ഷോ നെല്ലാട്, മണ്ണൂർ, വളയൻചിരങ്ങര, റബ്ബർ പാർക്ക്, ചീനക്കുഴി, ബ്ലാന്തേവർ എന്നീ സ്ഥലങ്ങൾ പിന്നിട്ട് ഐരാപുരത്ത് അവസാനിച്ചു. കാറുകളുടെയും ഇരുചക്രവാഹനങ്ങളുടെയും അകമ്പടിയോടെ നടന്ന റോഡ് ഷോ കാണാനും സ്ഥാനാർത്ഥിയ്ക്ക് പിന്തുണ അറിയിക്കാനും റോഡിന്റെ ഇരുവശങ്ങളിലുമായി കാത്തുനിന്ന പ്രദേശവാസികൾ ഷാളണിയിച്ചും ഹസ്ത ദാനം നൽകിയുമാണ് സ്ഥാനാർത്ഥിയെ സ്വീകരിച്ചത്.

വാഴക്കുളം പഞ്ചായത്ത് തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ് ഉദ്ഘാടനം ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. തുടർന്ന് നടന്ന റോഡ് ഷോ ചെമ്പറക്കിയിൽ നിന്നാരംഭിച്ച് മുള്ളൻകുന്ന്, മുണ്ടക്കകുറ്റി, എഴിപ്പുറം, കുന്നുവഴി, മാറമ്പിള്ളി, അമ്പലത്തുംകാവ് എന്നീ പ്രദേശങ്ങളിലൂടെ കടന്ന് തടിയിട്ടപറമ്പിൽ അവസാനിച്ചു. വഴിയിൽ കാത്ത് നിന്ന പ്രദേശവാസികൾ ട്വന്റി20 പാർട്ടിയ്ക്കും എൻഡിഎയ്ക്കുമുള്ള തങ്ങളുടെ പിന്തുണ അറിയിക്കുന്നതിനൊപ്പം പ്രദേശത്ത് ഭാവിയിൽ നടപ്പിലാക്കേണ്ട വികസന പ്രവർത്തനങ്ങൾ സംബന്ധിച്ചും സ്ഥാനാർത്ഥിയെ ധരിപ്പിച്ചു. തടിയിട്ടപറമ്പിൽ നടത്തിയ സമാപന സമ്മേളനത്തിൽ എൻഡിഎ സംഖ്യത്തിലെ വിവിധ ഘടകകക്ഷി നേതാക്കളും പങ്കെടുത്തു.

# കളക്ടറുടെ ചേംബറിൽ ലൈവ് സ്ട്രീമിങ്ങ് സംവിധാനം സജ്ജം



**കൊച്ചി:** കളക്ടറുടെ ചേംബറിൽ ലൈവ് സ്ട്രീമിങ്ങ് സംവിധാനം സജ്ജമായി. തിരഞ്ഞെടുപ്പ് നടപടികളുടെ ഭാഗമായി ജില്ലയിലെ വിവിധ ചെക്ക് പോസ്റ്റുകൾ, പരിശീലന പരിപാടികൾ, നാമനിർദ്ദേശ പത്രിക സമർപ്പണം, ഡിസ്റ്റിലറികൾ എന്നിവ കാക്കനാട് സിവിൽ സ്റ്റേഷനിലെ ജില്ലാ കളക്ടറുടെ ചേംബറിൽ നിന്ന് ലൈവ് സ്ട്രീമിങ്ങിലൂടെ റിയൽ ടൈമിൽ നിരീക്ഷിക്കുന്നതിനുള്ള സംവിധാനമാണ് സജ്ജമായിട്ടുള്ളത്. ജില്ലാ കളക്ടർ ജി. പ്രിയങ്കയ്ക്ക് ജില്ലയിലെ വിവിധ ചെക്ക് പോസ്റ്റുകൾ ലൈവ് സ്ട്രീമിങ്ങിലൂടെ നിരീക്ഷിക്കുവാൻ സാധിക്കുന്നതാണ്.

# നിയമസഭാ തിരഞ്ഞെടുപ്പ് : സാമുദായിക സംഘടനകളുടെ യോഗം ചേർന്നു

**കൊച്ചി:** നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി ജില്ലാ കളക്ടർ ജി പ്രിയങ്കയുടെ അധ്യക്ഷതയിൽ സമുദായിക സംഘടനാ നേതാക്കളുടെ യോഗം ചേർന്നു. എല്ലാ സാമുദായിക വിഭാഗങ്ങളുടെയും പിന്തുണയോടെ തികച്ചും സുതാര്യമായ രീതിയിൽ തിരഞ്ഞെടുപ്പ് നടത്തുന്നതിനാണ് ജില്ലാ ഭരണകൂടം ശ്രമിക്കുന്നത്.

അതിന് എല്ലാ മത-സമുദായ സംഘടനകളും പൊതുജനങ്ങളും ജില്ലാ ഭരണകൂടത്തോടും പോലീസിനോടും സഹകരിക്കണമെന്ന് ജില്ലാ കളക്ടർ പറഞ്ഞു. തിരഞ്ഞെടുപ്പ് തികച്ചും സമാധാനാന്തരീക്ഷത്തിൽ നടത്തുന്നതിന് എല്ലാവിധ പിന്തുണയും വിവിധ സമുദായ നേതാക്കൾ ഉറപ്പു നൽകി. യോഗത്തിൽ കൊച്ചി സിറ്റി പോലീസ് കമ്മീഷണർ എസ് കാളിരാജ് മഹേഷ് കുമാർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# കേരളത്തിൽ രണ്ടാമത് എക്സ്പീരിയൻസ് സെന്റർ തിരുവനന്തപുരത്ത് തുറന്ന് അൾട്രാവയലറ്റ്



**തിരുവനന്തപുരം:** രാജ്യത്ത് വളർന്നുവരുന്ന മൊബിലിറ്റി വിപണികളിലുടനീളം സാന്നിധ്യം ശക്തമാക്കുന്നതിന്റെ ഭാഗമായി അൾട്രാവയലറ്റ് ഓട്ടോമോട്ടീവ് തിരുവനന്തപുരത്ത് പുതിയ യുവി സ്പേസ് സ്റ്റേഷൻ ആരംഭിച്ചു. കമ്പനിയുടെ റീട്ടെയിൽ, സർവീസ് ശൃംഖല വിപുലീകരണത്തിന്റെ നിർണ്ണായക ചുവടുവെപ്പാണിത്. അടുത്തിടെ കമ്പനി കൈവരിച്ച ഉൽപ്പന്ന-സാങ്കേതിക നേട്ടങ്ങളെ തുടർന്നാണ് ഈ വിപുലീകരണം. എക്സ്-47 ക്രോസ്ഓവർ, യുവി ക്രോസ്ഫേഡ് കാർബൺ ഫൈബർ ഹെൽമറ്റ്, കൂടാതെ കമ്പനി പുതുതായി അവതരിപ്പിച്ച 'ബാറ്ററി ഫ്ളെക്സ്' (ബാസ്) പ്ലാറ്റ്ഫോം എന്നിവയും ഇതിൽ ഉൾപ്പെടുന്നു.

മികച്ച പെർഫോമൻസ് നൽകുന്ന ഒരു സമ്പൂർണ്ണ ഇലക്ട്രിക് വാഹനങ്ങളുടെ സംയോജിത ശൃംഖല കെട്ടിപ്പടുക്കുന്നതിൽ അൾട്രാവയലറ്റ് നൽകുന്ന മുൻഗണനയെ കൂടുതൽ വ്യക്തമാക്കുന്നുണ്ട്. തിരുവനന്തപുരത്തെ ഈ പുതിയ കേന്ദ്രത്തിലൂടെ കേരളത്തിലെ ഉപഭോക്താക്കൾക്ക് കമ്പനിയുടെ ഇലക്ട്രിക് മോട്ടോർ സൈക്കിളുകൾ കൂടുതൽ എളുപ്പത്തിൽ ലഭ്യമാക്കാനും കമ്പനിയുടെ സാന്നിധ്യം രാജ്യത്തുടനീളം ശക്തിപ്പെടുത്താനുമാണ് ലക്ഷ്യമിടുന്നതെന്ന് അൾട്രാവയലറ്റ് സിഇഒയും സഹസ്ഥാപകനുമായ നാരായൺ സുബ്രഹ്മണ്യം പറഞ്ഞു.

ഡീലർ പങ്കാളിയായ പോപ്പുലർ റീട്ടെയിൽ കോർപ്പറേഷനുമായി സഹകരിച്ചാണ് തിരുവനന്തപുരത്തെ പുതിയ യുവി സ്പേസ് സ്റ്റേഷൻ ആരംഭിച്ചത്. ഇതിലൂടെ അൾട്രാവയലറ്റിന്റെ പെർഫോമൻസ് മോട്ടോർസൈക്കിളുകളായ എക്സ്-47 ക്രോസ്ഓവർ, എഫ്77എസ് എന്നിവ അടുത്തറിയാൻ ഉപഭോക്താക്കൾക്ക് കഴിയും. ടെസ്റ്റ് റൈഡ്, വിൽപന, സർവ്വീസ്, അനുബന്ധ ആക്സസറികൾ എന്നിവ ഒരു സ്ഥലത്ത് ലഭിക്കുന്നതിനൊപ്പം മികച്ച അനുഭവവും നൽകുന്ന രീതിയിലാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത്. എക്സ്പീരിയൻസ് സെന്ററിൽ കമ്പനിയുടെ ഉയർന്ന പ്രകടന ശേഷിയുള്ള മോട്ടോർസൈക്കിളുകളായ എക്സ്-47യും എഫ്77എസും പ്രദർശിപ്പിക്കും. സംസ്ഥാനത്തെ തങ്ങളുടെ സാന്നിധ്യം വർദ്ധിപ്പിക്കുന്നതിലെ സുപ്രധാനമായ ഒരു നാഴികക്കല്ലാണ് തിരുവനന്തപുരത്തെ എക്സ്പീരിയൻസ് സെന്ററെന്നും വാഹനങ്ങളിലെ പെർഫോമൻസ്, സാങ്കേതികവിദ്യ, ഡിസൈൻ എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്ന വലിയൊരു വിഭാഗം ഉപഭോക്താക്കളെയാണ് ഇത് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.


# ആന്റി ഡീഫേസ്മെന്റ് സ്ക്വാഡ് നീക്കം ചെയ്തത് 4881 പ്രചരണ ബോർഡുകൾ

**കൊച്ചി:** നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലയിൽ ആന്റി ഡീഫേസ്മെന്റ് സ്ക്വാഡിന്റെ നേതൃത്വത്തിൽ ഇതുവരെ നീക്കം ചെയ്തത് 4881 പ്രചരണ ബോർഡുകൾ. ഇതിൽ ഇന്ന് 1675 പ്രചരണ ബോർഡുകൾ നീക്കം ചെയ്തു.

വിവിധ രാഷ്ട്രീയപാർട്ടികളുടെ 1357 പോസ്റ്ററുകൾ, 226 ബാനറുകൾ, 92 മറ്റ് പ്രചരണ ബോർഡുകൾ എന്നിവയാണ് ഇന്ന് നീക്കം ചെയ്തത്. നിഷ്പക്ഷവും സുതാര്യവുമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച ജില്ലാതല ആന്റി ഡീഫേസ്മെന്റ് സ്ക്വാഡ് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പരിശോധ നടത്തി. പെരുമാറ്റച്ചട്ട ലംഘനവുമായി ബന്ധപ്പെട്ട പരാതികൾ പൊതുജനങ്ങൾക്ക് സി-വിജിൽ (c-VIGIL) ആപ്പ് വഴിയോ mccernakulam2026@gmail.com ഇ-മെയിൽ വിലാസത്തിലോ അയക്കാം. ചട്ടലംഘനങ്ങളുടെ ചിത്രങ്ങളോ വീഡിയോകളോ ആണ് തത്സമയം അയക്കാവുന്നതാണ്.

സി-വിജിൽ ആപ്പിൽ ഇന്ന് 517 പരാതികളാണ് ലഭിച്ചത്. ഇതിൽ 516 പരാതികളിൽ നടപടി സ്വീകരിച്ചു.

# കലാസൃഷ്ടിയായി കോടതിമുറി: കൊച്ചി ബിനാലെയിലെ പരിസ്ഥിതി വിചാരണകൾ



**കൊച്ചി:** കൊച്ചി മുസിരിസ് ബിനാലെയിലെ ഒരു പ്രദർശനവേദി കോടതിമുറിയാണ്. കേവലം ഒരു കലാപ്രദർശനത്തിനപ്പുറം അഭിഭാഷകർ ഗൗരവമായി വാദിക്കുകയും ജഡ്ജിമാർ തെളിവുകൾ പരിശോധിക്കുകയും സാക്ഷികൾ മൊഴി നൽകുകയും ചെയ്യുന്ന നിയമപരമായ പ്രക്രിയകളുടെ ആവിഷ്കാരമാണ്. ബിനാലെ ആറാം പതിപ്പിന്റെ ഭാഗമായുള്ള 'ഇൻവിറ്റേഷൻസ്' പ്രോഗ്രാമിൽ, ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് കെട്ടിടത്തിലാണ് 'എ ട്രൈലോജി ഓഫ് എൻവയോൺമെന്റൽ ട്രയൽസ്' എന്ന ഈ വേറിട്ട കലാസൃഷ്ടി അവതരിപ്പിച്ചിരിക്കുന്നത്. 2016-നും 2023-നും ഇടയിൽ വികസിപ്പിച്ചെടുത്ത ഈ പദ്ധതി ഖോജ് ഇന്റർനാഷണൽ ആർട്ടിസ്റ്റ് അസോസിയേഷനും ആർട്ടിസ്റ്റ് സുലൈഖ ചൗധരിയും ചേർന്ന് പ്രമുഖ അഭിഭാഷകരായ ആനന്ദ് ഗ്രോവർ, ഹരീഷ് മെഹ്ല എന്നിവരുടെ സഹകരണത്തോടെയാണ് ഒരുക്കിയിട്ടുള്ളത്.

യഥാർത്ഥ അഭിഭാഷകരും വിരമിച്ച ജഡ്ജിമാരും പങ്കെടുക്കുന്ന ഈ വിചാരണകളിൽ പരിസ്ഥിതി പ്രശ്നത്തെ കുറിച്ചുള്ള മൂന്ന് വ്യത്യസ്ത ഏടുകളാണ് പരിശോധിക്കപ്പെടുന്നത്. കലയെ തെളിവായും കലാകാരന്മാരെ സാക്ഷികളായും പ്രതിഷ്ഠിച്ചുകൊണ്ട് പരിസ്ഥിതി നാശത്തെ അളക്കാൻ കലയ്ക്ക് കഴിയുമോ എന്ന സുപ്രധാന ചോദ്യമാണ് ഇവിടെ ഉയരുന്നത്. സമകാലിക ഭൂപ്രകൃതിയെ രൂപപ്പെടുത്തുന്ന, സങ്കീർണ്ണമായ പാരിസ്ഥിതികവും സാംസ്കാരികവുമായ ബന്ധങ്ങളെ നിയമപരമായ പശ്ചാത്തലത്തിൽ അവതരിപ്പിക്കാൻ കലാപരമായ വിവരണങ്ങൾക്ക് സാധിക്കുമോ എന്നും ഈ സൃഷ്ടി അന്വേഷിക്കുന്നു. ഈ പരമ്പരയിലെ ഒരു അധ്യായമായ 'ലാൻഡ്സ്കേപ്പ് ആസ് എവിഡൻസ്: ആർട്ടിസ്റ്റ് ആസ് വിറ്റ്നസ്, ഗോവ' എന്ന ഭാഗം ഗോവയുടെ തീരപ്രദേശങ്ങളിൽ നിർദ്ദേശിക്കപ്പെട്ട ആഡംബര റിസോർട്ട് വികസനം ഉണ്ടാക്കുന്ന ആഘാതങ്ങളെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്. പ്രാദേശിക സമൂഹങ്ങളുടെ കുടിയിറക്കം, പരിസ്ഥിതി നശീകരണം, വിഭവചൂഷണം എന്നിവയുമായി ബന്ധപ്പെട്ട ആശങ്കകളാണ് ഇതിൽ ഹർജിയായി സമർപ്പിക്കപ്പെട്ടത്. മറ്റൊരു അധ്യായമായ 'ഇൻ ദി മാറ്റർ റീ: റൈറ്റ്സ് ഓഫ് നേച്ചർ, ചണ്ഡിഗഡ്' എന്ന ഭാഗം വടക്കേ ഇന്ത്യയിലെ കാർഷികാവശിഷ്ടങ്ങൾ കത്തിക്കുന്നതും അത് ദേശീയ തലസ്ഥാന മേഖലയിലുണ്ടാക്കുന്ന മലിനീകരണവുമാണ് കൈകാര്യം ചെയ്യുന്നത്. ജീവിക്കാനുള്ള അവകാശം ഉറപ്പുനൽകുന്ന ഭരണഘടനയുടെ 21-ാം അനുച്ഛേദപ്രകാരം പ്രകൃതിയുടെ അവകാശങ്ങൾ അംഗീകരിക്കണമെന്ന ഹർജിക്കാരുടെ വാദം ഈ പ്രതീകാത്മക വിചാരണയിൽ കോടതി ശരിവെക്കുകയുണ്ടായി. നാടകവും നിയമവും തമ്മിലുള്ള അതിർവരമ്പുകൾ മായ്ക്കാൻ സൃഷ്ടി ബോധപൂർവ്വം ശ്രമിക്കുന്നുവെന്ന് സുലൈഖ ചൗധരി പറഞ്ഞു. ഇതിൽ അഭിനേതാക്കളില്ലെന്നും യഥാർത്ഥ ഹർജികളും നിയമ പ്രോട്ടോക്കോളുകളും ഉപയോഗിച്ചാണ് വിചാരണകൾ നടത്തുന്നതെന്നും അവർ വ്യക്തമാക്കി. ഇത്തരം പരീക്ഷണാത്മക വിചാരണകളിലൂടെ ലഭിക്കുന്ന വിധികളും കണ്ടെത്തലുകളും പിന്നീട് ദേശീയ ഹരിത ട്രൈബ്യൂണൽ പോലുള്ള യഥാർത്ഥ കോടതികളിൽ ഔദ്യോഗിക ഹർജി സമർപ്പിക്കാൻ ഉപയോഗിക്കാനാണ് തങ്ങൾ ലക്ഷ്യമിടുന്നതെന്നും അവർ കൂട്ടിച്ചേർത്തു. യഥാർത്ഥ നിയമങ്ങളും നടപടിക്രമങ്ങളും ഉപയോഗിക്കുന്നതിനാൽ നിയമവിദഗ്ധരും ഈ പദ്ധതിയെ ഏറെ താൽപ്പര്യത്തോടെയാണ് കാണുന്നത്. നിയമപരമായ വാദങ്ങൾ വ്യത്യസ്തമായ രീതിയിൽ പരീക്ഷിച്ചു നോക്കാനുള്ള ഒരിടമായി പല അഭിഭാഷകരും ഈ വേദിയെ കണക്കാക്കുന്നു.

# അപൂർവ ജനിതക രോഗം: മാലിദ്വീപ് സ്വദേശിയായ അഞ്ചു വയസ്സുകാരന് രോഗമുക്തി

**കൊച്ചി:** അപൂർവമായ ജനിതക രോഗത്തെ തുടർന്ന് ഗുരുതരാവസ്ഥയിലായിരുന്ന മാലിദ്വീപ് സ്വദേശിയായ അഞ്ചുവയസ്സുകാരന് രോഗമുക്തി. അക്യൂട്ട് ഇന്റർമിറ്റന്റ് പോർഫിറിയ (Acute Intermittent Porphyria) എന്ന അപൂർവ മെറ്റബോളിക് രോഗത്തെ തുടർന്നുണ്ടായ സങ്കീർണതകളാണ് കുട്ടിയെ ഗുരുതരാവസ്ഥയിലാക്കിയത്. മൂന്ന് മാസം നീണ്ട ചികിത്സയ്ക്കു ശേഷമാണ് ആരോഗ്യനില മെച്ചപ്പെട്ടത്. മാലിദ്വീപിൽ നടത്തിയ ശസ്ത്രക്രിയയ്ക്ക് പിന്നാലെ ഉണ്ടായ ഗുരുതര ആരോഗ്യ പ്രശ്നങ്ങളെ തുടർന്ന് കഴിഞ്ഞ ഡിസംബർ 13-നാണ് കുട്ടിയെ കൊച്ചിയിലെ അമൃത ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. മസ്തിഷ്കത്തെ ബാധിക്കുന്ന എൻസെഫലോപ്പതി, ശരീരതളർച്ച, ശരീരത്തിലെ മാംസപേശികളുടെ ദൗർബല്യം (ഫ്ളാസിഡ് പാരാലിസിസ്) തുടങ്ങിയ സങ്കീർണതകളാണ് ഉണ്ടായിരുന്നത്. ശ്വാസോച്ഛ്വാസത്തിന് സഹായമായി ട്രാക്കിയോസ്റ്റമി നടത്തേണ്ടിവന്നു.

അടിയന്തരമായി ഇറക്കുമതി ചെയ്ത ഹീമിൻ (കിഷ. ഒലാശി) എന്ന മരുന്നും ചികിത്സയുടെ ഭാഗമായി നൽകി. പീഡിയാട്രിക് ന്യൂറോളജി വിഭാഗത്തിലെ ഡോ. വിനയൻ കെ.പി. ഡോ. വൈശാഖ് ആനന്ദ്, ഡോ. അസ്മി ഹബീബ് എന്നിവരുടെ നേതൃത്വത്തിലുള്ള വിദഗ്ധസംഘവും പീഡിയാട്രിക് ഇന്റൻസീവ് കെയർ വിഭാഗത്തിലെ ഡോ. സജിത് കേസവൻ ഉൾപ്പെടെയുള്ള ഡോക്ടർമാരും ചേർന്നാണ് ചികിത്സ നടത്തിയത്. വിവിധ വിഭാഗങ്ങളുടെ ഏകോപിത പ്രവർത്തനഫലമായി കുട്ടിയുടെ ആരോഗ്യനിലയിൽ ഗണ്യമായ പുരോഗതി ഉണ്ടായി. തുടർന്ന് ട്രാക്കിയോസ്റ്റമി നീക്കം ചെയ്യാനും സാധിച്ചു. നിലവിൽ കുട്ടി സ്വതന്ത്രമായി ശ്വസിക്കുകയും സാധാരണ രീതിയിൽ ഭക്ഷണം കഴിക്കുകയും ചെയ്യുന്ന നിലയിലാണ്. ആരോഗ്യനില സ്ഥിരതയുള്ളതിനാൽ കുട്ടിക്ക് മാലിദ്വീപിലേക്ക് സാധാരണ വിമാനയാത്രയ്ക്ക് യാത്ര ചെയ്യാമെന്ന് ഡോക്ടർമാർ അറിയിച്ചു. അവിടെ എത്തിയ ശേഷം പ്രാദേശിക ആശുപത്രിയിൽ തുടർപരിശോധനയും ഫിസിയോതെറാപ്പിയും തുടരാൻ നിർദേശിച്ചിട്ടുണ്ട്. മാർച്ച് 11-നാണ് കുട്ടിയെ ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്തത്. ജീവന് ഭീഷണിയായ അവസ്ഥയെ അതിജീവിച്ച് സ്വദേശത്തേക്ക് മടങ്ങിയ ബാലന്റെ ആരോഗ്യപുനരുജ്ജീവനം പ്രത്യാശ നൽകുന്നതായി ആശുപത്രി അധികൃതർ അറിയിച്ചു.

# കളക്ഷൻ കോളുകൾ നിരീക്ഷിക്കാൻ നിർമിത ബുദ്ധി സംവിധാനവുമായി ആക്സിസ് ഫിനാൻസ്

**കൊച്ചി:** രാജ്യത്തെ അതിവേഗം വളരുന്ന എൻബിഎഫ്സികളിൽ ഒന്നായ ആക്സിസ് ഫിനാൻസ് തങ്ങളുടെ കളക്ഷൻ കോളുകളുടെ നിലവാരം നിരീക്ഷിക്കാനായി പൂർണമായും നിർമിത ബുദ്ധി പിന്തുണയോടെയുള്ള സംവിധാനം അവതരിപ്പിച്ചു. ഉപഭോക്തൃ സംരക്ഷണ നിലവാരം ഉയർത്തുക, നിയന്ത്രണ മാനദണ്ഡങ്ങൾ പാലിക്കുന്നതു ശക്തമാക്കുക, തിരിച്ചടവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സുതാര്യവും നീതിപൂർവ്വവുമായ ആശയ വിനിമയം ഉറപ്പാക്കുക തുടങ്ങിയവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

വായ്പാ സംവിധാനത്തിൽ ഉപഭോക്താക്കളുമായി ബന്ധപ്പെടുന്നതിൽ ഏറെ നിർണായകമായ ഘട്ടമാണ് കളക്ഷൻ കോളുകൾ. പുതിയ സംവിധാനം അവതരിപ്പിക്കുന്നതോടെ കളക്ഷൻ കോളുകൾ നിരീക്ഷിക്കപ്പെടുകയും കൃത്യമായ രീതിയിലാണ് ആശയവിനിമയം നടത്തിയതെന്ന് ഉറപ്പാക്കുകയും ചെയ്യാനാവും. ഉപഭോക്താക്കളോട് മാന്യമായും ബഹുമാനത്തോടും ഉത്തരവാദിത്തത്തോടു കൂടിയ രീതിയിൽ ആഭ്യന്തര മാർഗനിർദ്ദേശങ്ങൾ പാലിച്ചു കൊണ്ടാണിതു ചെയ്യുന്നതെന്നും ഉറപ്പാക്കും. കോളുകൾ ഓരോ വ്യക്തിയും തെരഞ്ഞെടുത്തു നിരീക്ഷിക്കുന്ന രീതിക്കു പകരം സാങ്കേതികവിദ്യയുടെ പിൻബലത്തോടെ വൻ തോതിൽ നിരീക്ഷിക്കുന്നത് ഉപഭോക്താക്കളുമായുള്ള ഇടപെടലിന്റെ കാര്യത്തിൽ ശക്തവും സുസ്ഥിരവുമായ മേൽനോട്ടം സാധ്യമാക്കും.

നിർമിത ബുദ്ധി പിന്തുണയോടെയുള്ള ഈ സംവിധാനം ഉപഭോക്താക്കളുമായുള്ള ആശയവിനിമയത്തെ കുറിച്ച് കൂടുതൽ ആഴത്തിലുള്ള കാഴ്ചപ്പാടുകൾ നൽകുകയും തുടർ നടപടികളെകുറിച്ച് ടീം അംഗങ്ങൾക്ക് കൃത്യമായ മാർഗനിർദ്ദേശങ്ങൾ നൽകാൻ വഴിയൊരുക്കുകയും ചെയ്യും. മാനദണ്ഡങ്ങൾക്ക് അനുസൃതമായ ആശയവിനിമയങ്ങൾ, നിയന്ത്രണങ്ങൾ പാലിച്ചുള്ള സ്വാഭാവത്തോടു കൂടിയ സംഭാഷണങ്ങൾ, പിന്തുണ നൽകുന്ന രീതിയിലുള്ള നീക്കങ്ങൾ, തുടർച്ചയായി ബന്ധപ്പെട്ടു കൊണ്ടിരിക്കുന്നത് ഒഴിവാക്കൽ, കളക്ഷൻ പ്രക്രിയയിൽ മുഴുവൻ വ്യക്തത പ്രദാനം ചെയ്യൽ തുടങ്ങിയവയെല്ലാം ഇതിന്റെ ഫലമായി സാധ്യമാകും.

പരിമിതമായ തലത്തിലെ സാമ്പിളുകൾ എന്നതിൽ നിന്നു വിപുലമായ തലത്തിലേക്ക് എത്തുന്നതോടെ ആക്സിസ് ഫിനാൻസ് തങ്ങളുടെ ഉത്തരവാദിത്തവും ഉപഭോക്താക്കളുമായുള്ള ആശയ വിനിമയങ്ങളിലെ ധാരണയും വൻതോതിൽ മെച്ചപ്പെടുത്തും.

മികച്ച രീതിയിൽ മേൽനോട്ടം വഹിക്കുകയും ഉപഭോക്താക്കൾ ആദ്യം എന്ന നിലപാടുമായി മുന്നോട്ടു പോകുകയും ചെയ്യുന്ന രീതിയാവും ഇതോടെ കൂടുതൽ ശക്തമാകുക. പ്രതീക്ഷിക്കുന്ന രീതിയിലെ സ്വാഭാവത്തിൽ നിന്നു വ്യതിചലിക്കുന്ന കോളുകൾ കണ്ടെത്തുകയും കൃത്യമായ ചട്ടക്കൂടിലൂടെയുള്ള വിലയിരുത്തലിന് വിധേയമാക്കുകയും ചെയ്യും. ആവശ്യമായ തിരുത്തൽ നടപടികളും സ്വീകരിക്കും.

# ബൈക്ക് ഡിസൈൻ ഓഫ് ദ ഇയർ പുരസ്കാരം നേടി യെസ്ഡി റോഡ്സ്റ്റർ

**കൊച്ചി:** ജാവ യെസ്ഡി മോട്ടോർസൈക്കിളുകളുടെ യെസ്ഡി റോഡ്സ്റ്റർ 'കാർ ആൻഡ് ബൈക്ക്' നൽകുന്ന 'ബൈക്ക് ഡിസൈൻ ഓഫ് ദ ഇയർ' പുരസ്കാരം നേടി. ബോൾഡും മസിലാർ ലുക്കും കൊണ്ട് ശ്രദ്ധേയമായ ഈ ബൈക്ക്, ക്രൂസർ സ്റ്റാൻസും റോഡ്സ്റ്റർ എർഗണോമിക്സും സംയോജിപ്പിക്കുന്നതാണ്. സോളോ സീറ്റും ഡ്യുവൽ സീറ്റും തമ്മിൽ എളുപ്പത്തിൽ മാറ്റാനാകുന്ന മോഡുലാർ ഡിസൈൻ ഇതിന്റെ പ്രത്യേകതയാണ്. യെസ്ഡിയുടെ പാരമ്പര്യത്തെ ഓർമ്മിപ്പിക്കുന്ന സ്കൾപ്റ്റഡ് ഫ്യൂവൽ ടാങ്കും ബൈക്കിന്റെ ആകർഷണമാണ്.




350സിസി എൻജിനും 6-സ്പീഡ് ഗിയർബോക്സും മികച്ച പ്രകടനവും സുഖകരമായ യാത്രയും ഉറപ്പാക്കുന്നു. ഈ പുരസ്കാരം ബ്രാൻഡിന്റെ ഡിസൈൻ മികവ് വീണ്ടും തെളിയിക്കുന്നതാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# ഗ്രേറ്റ് പ്ലേസ് ടു വർക്ക്സ് അംഗീകാരം നേടി എഡൽവൈസ് ലൈഫ് ഇൻഷുറൻസ്

**കൊച്ചി:** എഡൽവൈസ് ലൈഫ് ഇൻഷുറൻസ് തുടർച്ചയായി ആറാം വർഷവും 'ഗ്രേറ്റ് പ്ലേസ് ടു വർക്ക്സ്' സർട്ടിഫിക്കേഷൻ നേടി. ജീവനക്കാരുടെ വളർച്ചക്കും മികച്ച ജോലിസ്ഥല സംസ്കാരത്തിനുമുള്ള പ്രതിബദ്ധതയാണ് ഈ നേട്ടത്തിന് പിന്നിലെന്ന് കമ്പനി അധികൃതർ അറിയിച്ചു.

കമ്പനിയിലെ മുതിർന്ന നേതാക്കളിൽ ഏകദേശം 70 ശതമാനം പേർ ആഭ്യന്തരമായി വളർന്നവരാണ്. പ്രധാന പ്രതിഭകളിൽ 95 ശതമാനത്തിലധികം നിലനിൽപ്പ് നിരക്കും കമ്പനി നിലനിർത്തുന്നു.സ്ത്രീകൾ ഇപ്പോൾ സ്ഥാപനത്തിന്റെ 34 ശതമാനം ജീവനക്കാരാണ്, മുൻനിര വിൽപ്പന വിഭാഗങ്ങളിൽ അവരുടെ പങ്കാളിത്തവും വർധിച്ചിട്ടുണ്ടെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# സെഫി അന്താരാഷ്ട്ര പുരസ്കാരം കരസ്ഥമാക്കി കേരള സ്റ്റാർട്ടപ്പ് കാർബെലിം

**കൊച്ചി:** ഷാർജ എന്റർപ്രണർഷിപ്പ് ഫെസ്റ്റിവലിൽ (SEF 2026) സെഫി സോഷ്യൽ ഇംപാക്ട് അവാർഡ് കാർബെലിം പ്രൈവറ്റ് ലിമിറ്റഡ് കരസ്ഥമാക്കി. കേരള സ്റ്റാർട്ടപ്പ് മിഷന്റെ യുണീക് ഐഡി സ്റ്റാർട്ടപ്പായ കാർബെലിം, ഐഐടി മദ്രാസ് ഇൻകുബേഷൻ സെൽ, ഐഐഎം ലഖ്നൗ എന്റർപ്രൈസ് ഇൻകുബേഷൻ സെന്റർ എന്നിവിടങ്ങളിൽ ഇൻകുബേറ്റ് ചെയ്തിട്ടുള്ള കാലാവസ്ഥാ-സാങ്കേതികവിദ്യ മേഖലയിലെ ഒരു ശ്രദ്ധേയ സ്ഥാപനമാണിത്.

വ്യാവസായിക മേഖലകളിൽ നിന്നുള്ള കാർബൺ ബഹിർഗമനം ഫലപ്രദമായി കുറയ്ക്കുന്നതിനായിയുള്ള പ്രകൃതിദത്ത കാർബൺ ക്യാപ്ചർ പരിഹാരമാർഗ്ഗങ്ങൾ വികസിപ്പിച്ചിരിക്കുകയാണ് കാർബെലിം. പ്രത്യേകം രൂപകൽപന ചെയ്ത പതിനൊന്ന് ഇനം സൂക്ഷ്മ ആൽഗകളുടെ പ്രത്യേക മിശ്രിതം അന്തരീക്ഷത്തിലെ കാർബൺ ഡൈഓക്സൈഡ് കാര്യക്ഷമമായി ആഗിരണം ചെയ്ത് ശുദ്ധ ഓക്സിജൻ പുറത്തുവിടുന്നതിനും, ആരോഗ്യത്തിന് ഗുരുതര ഭീഷണി ഉയർത്തുന്ന പി.എം 2.5, പി.എം 10, നൈട്രജൻ ഓക്സൈഡുകൾ, സൾഫർ ഓക്സൈഡുകൾ തുടങ്ങിയ അന്തരീക്ഷ മലിനീകരണ ഘടകങ്ങളെ ഫിൽട്ടർ ചെയ്യുന്നതിനും സഹായിക്കും. കെട്ടിടങ്ങളുടെ ഉൾഭാഗത്തും പുറത്തും ഒരുപോലെ ഘടിപ്പിക്കാൻ കഴിയുന്ന ഈ ഉപകരണത്തിന് പേറ്റന്റ് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

യു.എ.ഇ. യൂണിവേഴ്സിറ്റിയിൽ നിന്ന് 'നേച്ചർ-ബേസ്ഡ് കാർബൺ സീക്വസ്ട്രേഷൻ' വിഷയത്തിൽ പിഎച്ച്ഡി നേടിയ ഡോ. കാർത്തിക ഗോപിയാണ് കാർബെലിമിന്റെ സ്ഥാപക. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിനിന്നും മറൈൻ ബയോളജിയിൽ റാങ്ക് ജേതാവായ ഇവർക്ക് ആൽഗൽ ബയോടെക്നോളജി മേഖലയിൽ ഒരു ദശാബ്ദത്തിലേറെ പ്രവൃത്തിപരിചയവും ഡെൻഡ്ര സിസ്റ്റംസ് ഉൾപ്പെടെ ലോകത്തിലെ പ്രമുഖ സ്ഥാപനങ്ങളിൽ കാർബൺ സയന്റിസ്റ്റായി പ്രവർത്തിച്ചിട്ടുമുണ്ട്.



*ഷാർജ എന്റർപ്രണർഷിപ്പ് ഫെസ്റ്റിവലിൽ (SEF 2026) സെഫി സോഷ്യൽ ഇംപാക്ട് അവാർഡ് കാർബെലിം പ്രൈവറ്റ് ലിമിറ്റഡ് സ്ഥാപക ഡോ. കാർത്തിക ഗോപി ഏറ്റുവാങ്ങുന്നു.*

യൂറോപ്പ്, ഗൾഫ് മേഖലകളിൽ കാലാവസ്ഥ വ്യതിയാന നിയന്ത്രണത്തിനായുള്ള നിരവധി പൈലറ്റ് പ്രോജക്ടുകൾക്കും നേതൃത്വം നൽകിയിട്ടുണ്ട്. വ്യവസായ ശാലകളിൽ നിന്ന് പുറന്തള്ളുന്ന ഫ്ളൂ ഗ്യാസ് ശുദ്ധീകരണവും ജലസംസ്കരണ പ്രക്രിയകളും സംയോജിപ്പിച്ചു കൊണ്ട്, ഈ ദ്വിതീയ ഉൽപ്പന്നമായ മൈക്രോആൽഗ ബയോമാസിനെ ഇഞ്ചിനിയേർഡ് ബയോചാറായി രൂപാന്തരപ്പെടുത്തുകയാണ് കാർബെലിം ചെയ്യുന്നത്. ഈ ബയോചാർ, ആഗോള കാർബൺ ക്രെഡിറ്റ് വിപണിയിൽ അന്താരാഷ്ട്ര നിലവാരമുള്ള കാർബൺ ക്രെഡിറ്റ് ആയി പരിവർത്തനം ചെയ്യപ്പെടുന്നു. ഇതിലൂടെ, മലിനീകരണം ഒരു ബാധ്യതയായി കണ്ടിരുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് സ്വന്തം ഉദ്‌വമനത്തിൽ നിന്ന് തന്നെ ഒരു ദീർഘകാല വരുമാന സ്രോതസ്സ് ഉണ്ടാക്കാൻ കഴിയുന്ന ഒരു പുതിയ ഹരിത-ബിസിനസ് മാതൃക കാർബെലിം മുന്നോട്ടു വെക്കുന്നുണ്ട്. വേൾഡ് ഫിൽട്രേഷൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2025-ലെ 'പ്രോഡക്ട് ഓഫ് ദ ഇയർ' അവാർഡ്, എം.ഐ.ടി. സോൾവ് ഗ്ലോബൽ ചലഞ്ചിലെ ഫൈനലിസ്റ്റ് അംഗീകാരം, കൂടാതെ സ്റ്റാർട്ടപ്പ് ഇന്ത്യ സുസ്ഥിരതാ ചലഞ്ചിൽ ഇരുപത് ലക്ഷം രൂപയുടെ വിജയി ബഹുമതി എന്നിവ ഇതിനുമുമ്പ് തന്നെ കാർബെലിം സ്വന്തമാക്കിയിട്ടുണ്ട്.

# പ്രേക്ഷകരും അഭിനേതാക്കളായി; സാമൂഹിക യാഥാർത്ഥ്യങ്ങൾ ചർച്ചയാക്കി 'ഹാന്റ് ഓഫ് ഗോഡ്' നാടകം



**കൊച്ചി:** നാടകം നടക്കുമ്പോൾ ആസ്വദിക്കുന്ന പ്രേക്ഷകരെയാണ് നമുക്ക് കണ്ടുശീലം. എന്നാൽ കാഴ്ചക്കാരെ പ്രകോപിപ്പിച്ചും അവരുമായി നേരിട്ട് സംവദിച്ചും സാമൂഹിക യാഥാർത്ഥ്യങ്ങൾ വെളിപ്പെടുത്തുന്ന 'ഹാന്റ് ഓഫ് ഗോഡ്' എന്ന നാടകം വേറിട്ട അനുഭവമായി. പി.ആർ. അരുൺ സംവിധാനം ചെയ്ത് കൊച്ചി ബിനാലെ ഫൗണ്ടേഷൻ അവതരിപ്പിച്ച നാടകം കൊച്ചി-മുസിരിസ് ബിനാലെ വേദിയായ ഫോർട്ട്കൊച്ചി ബാസ്റ്റ്യൻ ബംഗ്ലാവിലെ പവലിയനിലാണ് അരങ്ങേറിയത്. ഓരോ തവണ അവതരിപ്പിക്കുമ്പോഴും പ്രേക്ഷകരുടെ പ്രതികരണങ്ങൾക്കനുസരിച്ച് നാടകത്തിന്റെ ഗതിയും അന്തരീക്ഷവും മാറിക്കൊണ്ടിരിക്കുമെന്ന് അരുൺ പറഞ്ഞു. ഇതൊരു കലാപ്രതിഷ്ഠ തന്നെയാണ്. യഥാർത്ഥത്തിൽ ഓരോ പ്രകടനത്തിന് ശേഷവും അണിയറപ്രവർത്തകരായ തങ്ങളാണ് ആ നാടകം കാണുന്നത്. ഓരോ കാണികളും വ്യത്യസ്ത രീതിയിലാണ് ഇതിനോട് പ്രതികരിക്കുന്നത്. ചില വേദികളിൽ 'അടിമ' മരിക്കുമ്പോൾ മറ്റ് ചിലപ്പോൾ 'റാണി'യാണ് മരിക്കുന്നത്. അങ്ങനെ ഓരോ വേദിയും വ്യത്യസ്തമായ അനുഭവങ്ങളാണ് നൽകുന്നതെന്നും അരുൺ പറഞ്ഞു. നാടകത്തോടുള്ള കാണികളുടെ പ്രതികരണം പലപ്പോഴും വൈകാരികമായിരുന്നു. ചിലർ ചിരിയോടെയും ഗൗരവമില്ലാതെയും ഇതിനെ സമീപിച്ചപ്പോൾ, മറ്റ് ചിലർ മാനസികമായി ഏറെ അസ്വസ്ഥരാവുകയും കരയുകയും ചെയ്തു. മുൻകാല ദുരനുഭവങ്ങൾ ഓർമ്മിപ്പിച്ച സ്ത്രീകളെ ആശ്വസിപ്പിക്കാനായി നാടകം നിർത്തിവെക്കേണ്ട സാഹചര്യങ്ങൾ വരെ മുൻ വേദികളിൽ ഉണ്ടായിട്ടുണ്ടെന്ന് സംവിധായകൻ ഓർമ്മിച്ചു. നിലവിലുള്ള വ്യവസ്ഥിതിയോടുള്ള രോഷം പ്രകടിപ്പിച്ചവരും കുറവല്ല. നിയമപരവും സാമൂഹികവും കുടുംബപരവുമായ വ്യവസ്ഥിതികളുടെ പ്രതീകമായാണ് നാടകത്തിൽ 'ദൈവം' കടന്നുവരുന്നത്. ലിംഗനീതി, വിശ്വാസം, ജനാധിപത്യം, ശരീരത്തിന്റെ രാഷ്ട്രീയം തുടങ്ങിയ ഗൗരവമേറിയ വിഷയങ്ങളിൽ ചിന്തിക്കാൻ ഈ നാടകം പ്രേക്ഷകരെ പ്രേരിപ്പിക്കുന്നു. കാണികൾക്ക് മാത്രമല്ല, അഭിനേതാക്കൾക്കും നാടകം വലിയൊരു അനുഭവമാണ് നൽകുന്നത്. വരുംകാലങ്ങളിൽ കേരളത്തിന് പുറത്തുള്ള കാണികളിലേക്ക് കൂടി ഇത് എത്തിക്കാനും വിവിധ സ്ഥലങ്ങളിലെ കാണികൾ എങ്ങനെ പ്രതികരിക്കുന്നു എന്ന് മനസ്സിലാക്കാനും അണിയറക്കാർ ആഗ്രഹിക്കുന്നുണ്ട്.

നാടകാവതരണത്തിലെ സംഘർഷങ്ങളിലൂടെ ആളുകളുടെ ഉള്ളിലുള്ള മുൻവിധികളാണ് പുറത്തുവരുന്നത്. നാടകം കാണുന്നവർ അറിയാതെ തന്നെ ഓരോ കഥാപാത്രങ്ങളെയും മനസുകൊണ്ട് ഉൾക്കൊള്ളും. പ്രകോപിപ്പിക്കലിലൂടെയും ഇടപെടലുകളിലൂടെയും സാമൂഹിക സത്യങ്ങൾ വെളിപ്പെടുത്തുക എന്നതാണ് ഈ നാടകത്തിലൂടെ ഉദ്ദേശിക്കുന്നത്. ഓരോ വ്യക്തിയുടെയും തിരഞ്ഞെടുപ്പുകളാണ് ഈ ലോകത്തിൽ മാറ്റങ്ങൾ വരുത്തുന്നത് എന്ന സന്ദേശമാണ് നാടകം മുന്നോട്ടുവെക്കുന്നത്.

# ഇക്കോലിങ്ക് രാജസ്ഥാൻ റോയൽസുമായി കൈകോർക്കുന്നു




**കൊച്ചി:** ലൈറ്റിംഗ് രംഗത്തെ ആഗോള മുൻനിരക്കാരായ സിഗ്നിഫൈ, തങ്ങളുടെ ഇലക്ട്രിക്കൽ ബ്രാൻഡായ ഇക്കോലിങ്ക് രാജസ്ഥാൻ റോയൽസുമായി കൈകോർക്കുന്നു.

ഇക്കോലിങ്ക് വരാനിരിക്കുന്ന ഐപിഎൽ ടി20 സീസണിൽ രാജസ്ഥാൻ റോയൽസിന്റെ അസോസിയേറ്റ് സ്പോൺസറായി മാറിയതായി പ്രഖ്യാപിച്ചു. ഈ പങ്കാളിത്തം വഴി രാജ്യത്തുടനീളം ലക്ഷക്കണക്കിന് ക്രിക്കറ്റ് ആരാധകരുമായി ബന്ധം ശക്തിപ്പെടുത്തുകയും ബ്രാൻഡിന്റെ ദൃശ്യപ്രസന്നത വർധിപ്പിക്കുകയും ചെയ്യുകയാണ് ലക്ഷ്യം.

കരാറിന്റെ ഭാഗമായി ടീമിന്റെ ഹെഡ്ഗിയറുകളിൽ ഇക്കോലിങ്ക് ബ്രാൻഡ് പ്രദർശിപ്പിക്കുകയും ടൂർണമെന്റിനിടെ വിപുലമായ പ്രമോഷണൽ ക്യാമ്പയിനുകളും ഡിജിറ്റൽ ആക്ടിവേഷനുകളും നടത്തുകയും ചെയ്യും. ബിഎൽഡിസി ഫാനുകൾ ഉൾപ്പെടെയുള്ള ഉൽപ്പന്ന ശ്രേണി ശക്തിപ്പെടുത്തുന്നതിനും ഇന്ത്യൻ വിപണിയിൽ വളർച്ച വേഗത്തിലാക്കുന്നതിനും ഈ കൂട്ടുകെട്ട് സഹായകരമാകുമെന്ന് സിഗ്നിഫൈ അധികൃതർ വ്യക്തമാക്കി.

